ആശുപത്രി വികസന സമിതികളുടെ പ്രവർത്തനം

129 (1598) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ആശുപത്രി വികസന സമിതികൾക്ക് സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, വിശദവിവരം വ്യക്തമാക്കുമോ ;

(ഡി) ആശുപത്രി വികസന സമിതികളുടെ പേരിൽ രോഗികളിൽനിന്നും എല്ലാത്തരം ചികിത്സയ്ക്കും ഫീസ് ഈടാക്കുന്നതായി ആക്ഷേപം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ, ഇക്കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആശുപത്രി വികസന സമിതികൾക്ക് നൽകിയിട്ടുള്ള/മാർഗ്ഗ നിർദ്ദേശങ്ങളടങ്ങുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്*.

(ബി)&(സി) മെഡിക്കൽ കോളേജാശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ; സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവയിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായും മറ്റാശുപത്രികളിൽ ആശുപത്രി സൂപ്രണ്ടിന്റെയോ മെഡിക്കൽ ഓഫീസറുടെയോ നേതൃത്വത്തിലും രൂപീകരിച്ചിട്ടുള്ള സമിതിയുമാണ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നത്. ഇതോടൊപ്പം കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലുടെയും ഈ സമിതികളെ നിയന്ത്രിച്ചുവരുന്നു.

(ഡി)&(ഇ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് ചികിത്സ തികച്ചും സൗജന്യമാണ്. 1500 രൂപയ്ക്ക് മേൽ വരുമാനമുള്ള രോഗികളിൽ നിന്നും എല്ലാത്തരം ചികിത്സയ്ക്കും സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ഫീസ് ഈടാക്കുന്നുണ്ട്.

ആശുപത്രികളിൽ 2003-04 വർഷത്തേയ്ക്കാവശ്യമായ മരുന്നുകൾ വാങ്ങാൻ നടപടി

130 (1599) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ 2003-04 വർഷത്തേയ്ക്കാവശ്യമായ മരുന്നുകൾ വാങ്ങുവാൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly